## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4866 | 05/02/2014-ൽ മറുപടിക്ക് |
|---|---|

**ശുചിത്വ മിഷൻ കോഓർഡിനേറ്റർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശുചിത്വമിഷൻ വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് 2013 14 വർഷം നടപ്പിലാക്കുന്നത് ; | (എ) | സർക്കാർ ശുചിത്വമിഷൻ മുഖേന സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കി 2013-14 വർഷം 91.85 കോടി രൂപയുടെ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഈ പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുന്നത് ; | (ബി) | നഗരപ്രദേശത്തെ ഖരമാലിന്യ മാനേജ്മെന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴക്കാല പൂർവ്വ ശുചീകരണം, ശുചിത്വകേരളം - ഗ്രാമപഞ്ചായത്തുകളിൽ പ്ലാന്റ് സ്ഥാപിക്കൽ, നിർമ്മൽ ഭാരത് അഭിയാൻ - വ്യക്തിഗത ഗാർഹിക കക്കൂസുകൾ, സ്കൂൾ കക്കൂസുകൾ, അങ്കണവാടി കക്കൂസുകൾ, പൊതുശുചിത്വ സമുച്ചയം, ഖര-ദ്രവ മാലിന്യ സംസ്കരണം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയവ |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഏകോപന ചുമതല കോ-ഓർഡിനേറ്റർമാർക്കാണ് എന്നതു കണക്കിലെടുത്ത് ഒഴിവുള്ള തസ്തികകൾ നികത്തി പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ? | (ഡി) | അസിസ്റ്റന്റ് കോ- ഓർഡിനേറ്റർമാരെ ഡെപ്യൂട്ടേഷൻ മുഖേന നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ക്കഴിഞ്ഞു. ഒഴിവുള്ള തസ്തികകളിലേയ്ക്ക് എത്രയുംവേഗം നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ